നമ്പർ. സി1/18571/റ്റിസി/2011

2ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് , കേരളം ,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം.
[☎ 0471-2333337/2333317 ഫാക്സ് 0471-2333314]
[ഇ-മെയിൽ - tcoffice@keralamvd.gov.in ]
തീയ്യതി: 22/09/2012.

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.

സർ,

വിഷയം :- മോട്ടോർ വാഹന വകുപ്പ് — ബോർ വെൽ കംപ്രസ്സർ വാഹനം നോൺ ട്രാൻസ്പോർട്ട് ആയി രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച്.

സൂചന :- 30/08/31/08/2012 തീയതിയിലെ എസ്.കെ. ബോർവെൽസ്, കന്നും പുറത്തിന്റെ നിവേദനം.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരമുള്ള നിവേദനത്തിൽ എസ്.കെ. ബോർവെൽസ് എന്ന കമ്പനി ചൂണ്ടി കാണിക്കുന്നതെന്തെന്നാൽ ബോർവെൽ കംപ്രസർ വാഹനം നോൺ ട്രാൻസ്പോർട്ട് ആയി രജിസ്റ്റർ ചെയ്യുന്നതിന് സമീപിച്ചപ്പോൾ കേരളത്തിൽ നോൺ ട്രാൻസ്പോർട്ട് ആയി രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യവസ്ഥയില്ല എന്നുള്ള മറുപടിയാണ് ലഭിച്ചത് എന്നാണ്. ഈ വിഷയത്തിൽ താഴെ പറയുന്ന കാര്യങ്ങൾ അറിയിച്ചുകൊള്ളുന്നു.

05/11/2004 തീയതിയിലെ എസ്.ഒ.1248(ഇ) എന്ന ഉത്തരവിൽ റിഗ്, ജനറേറ്റർ, കംപ്രസ്സർ പോലെയുള്ള ഉപകരണങ്ങൾ ഘടിപ്പിച്ച വാഹനങ്ങൾ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുന്നത് എന്ന് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ആയതിനാൽ ബോർവെൽ കംപ്രസ്സർ ഘടിപ്പിച്ച വാഹനങ്ങൾ മേൽ എസ്. ഒ. അനുസരിച്ച് നോൺ ട്രാൻസ്പോർട്ട് വാഹനം ആയി രജിസ്റ്റർ ചെയ്യുന്നതിനും, പ്രസ്തുത വാഹനങ്ങൾക്ക് 1976 ലെ കേരള മോട്ടോർ വെഹിക്കിൾ ടാക്സേഷൻ ആക്ടിലെ ഷെഡ്യൂളിലെ 12-)ാം ഇനം പ്രകാരം നികുതി ഈടാക്കുന്നതിനും തടസ്സമില്ലാ എന്നറിയിക്കുന്നു..

വിശ്വസ്തതയോടെ,
ഒപ്പ്
ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ,
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

അംഗീകാരത്തോടെ

സീനിയർ സൂപ്രണ്ട്

എസ്.കെ.